(ബി) പ്രസ്തുത കണക്ഷൻ നൽകുന്നതിന് ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ; ഇതിന്റെ തുടർ നടപടികൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി നൽകിയിരുന്ന 22870 എന്ന വൈദ്യുതി കണക്ഷൻ, ബിൽ തുകയായ 41464 രൂപ ഒടുക്കാത്തതിനാൽ 17-3-2009-ൽ വിച്ഛേദിച്ചിട്ടുള്ളതാണ്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചിട്ടില്ല.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 136 (5) പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 31-10-2014-ലെ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി പരിഗണിക്കേണ്ടിയിരുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി 1-12-2014 വരെ മാത്രമായിരുന്നത് പിന്നീട് 31-12-2014 വരെ നീട്ടി അനുവദിക്കുകയും ഉണ്ടായി. പ്രസ്തുത കുടിവെള്ള പദ്ധതി വിഷയത്തിൽ കെ.എസ്.ഇ.ബി.-യുടെ ബന്ധപ്പെട്ട ഓഫീസിൽ അപേക്ഷ ലഭിച്ചത് 14-1-2015-ലാണ്. ആയതിനാൽ ടി അപേക്ഷ പരിഗണിക്കാൻ കഴിയാതെ വരികയാണുണ്ടായത്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ 136 (5) പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കുറച്ചുകാലത്തേക്ക് മാത്രമേ നടപ്പാക്കാൻ കഴിയൂ. അതിൻപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആദ്യം 1-12-2014 വരെ അനുവദിക്കുകയും തുടർന്ന് 31-12-2014 വരെ ദീർഘിപ്പിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്.

വൈപ്പിൻ മണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ

37(2025) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ വൈദ്യുതീകരിച്ച വീടുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അവ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 39262 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി&സി) നിലവിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. വൈദ്യുതീകരിക്കാത്ത വീടുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) എസ്.സി./എസ്.റ്റി. വിഭാഗത്തിൽ 93 വൈദ്യുതി കണക്ഷനുകളും ബി.പി.എൽ. വിഭാഗത്തിൽ 87 വൈദ്യുതി കണക്ഷനുകളും ജനറൽ വിഭാഗത്തിൽ 3325 വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്.

വൈദ്യുതി മോഷണക്കേസ്സുകൾ

38(2026) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-7-2011 മുതൽ 31-5-2015 വരെ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി ; പ്രസ്തുത കേസ്സുകളിൽപ്പെട്ടവർക്ക് വൈദ്യുതബോർഡ് എന്തു ശിക്ഷയാണ് നൽകുന്നത് ;

(ബി) 1-7-2011 മുതൽ 31-5-2011 വരെ ശ്രദ്ധയിൽപ്പെട്ടതും കേസ്സെടുത്തതുമായ എല്ലാ കേസ്സുകളിലുമായി ആകെ എത്ര തുക ബോർഡിലേക്ക് മുതൽ കൂട്ടായി എന്ന് വെളിപ്പെടുത്താമോ ;

(സി) വൈദ്യുതി മോഷണം തടയുന്നതിന് മുൻകരുതലായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ഡി) സ്ഥാപങ്ങൾ, ഭവനങ്ങൾ മറ്റ് അവശ്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തിവരുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള സംവിധാനം ഉണ്ടാക്കുമോ ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly